"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ, ശ്രീ.എൻ.അജിത്ത്, ശ്രീ. മാത്യൂ ഐപ്പ്, ശ്രീ. കെ.എൻ സുധീർ എന്നിവർ ഫയൽ ചെയ്ത WP(C) No. 17970/2015 എന്ന കേസിലെ 21/02/2024 ലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.868/2024/PWD തീയതി,തിരുവനന്തപുരം, 27-08-2024

---

പരാമർശം:-

1. WP(C) No. 17970/2015 എന്ന കേസിലെ 21/02/2024 ലെ വിധിന്യായം
2. ശ്രീ എൻ.അജിത്,ശ്രീ മാത്യൂ ഐപ്പ്,ശ്രീ കെ.എൻ.സുധീർ എന്നിവർ 04/07/2024 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.
3. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 12/08/2024 തീയതിയിലെ CEPWD/12515/2024-C6(W)-RD നമ്പർ കത്ത്

**ഉത്തരവ്**

തൃക്കാക്കര നഗരസഭ അഞ്ചാം വാർഡിൽ ഉൾപ്പെട്ട കോയികഞ്ഞാലിൽ റോഡിന്റെ ശോചനീയാവസ്ഥയുമായി ബന്ധപ്പെട്ടതാണ് പരാമർശം 1 ലെ റിട്ട് പെറ്റീഷൻ. WP(C) No. 17970/2015 എന്ന കേസിലെ 21/02/2024 ലെ വിധിന്യായത്തിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

The additional 6th respondent (ie Secretary, PWD) is directed to consider Ext. R4(d) after giving an opportunity of hearing to the petitioners and respondent Nos.3 and 4, as expeditiously as possible, at any rate,within two months from the date of receipt of a certified copy of this judgment.

The petitioners will produce a certified copy of this judgment along with a copy of this writ petition and counter affidavit before the additional 6th respondent for compliance.

certified copy of the judgment, ശ്രീ. അജിത്ത്, ശ്രീ. മാത്യൂ ഐപ്പ്, ശ്രീ. കെ സുധീർ എന്നിവർ പരാതിക്കാർ 04/07/2024 ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി വിധിന്യായത്തിലെ നിർദ്ദേശം പ്രകാരം, പൊതുമരാമത്ത് വകുപ്പിലെ അണ്ടർസെക്രട്ടറി

പരാതിക്കാരേയും, മൂന്നും, നാലും റസ്പോൺണ്ടന്റ്സിനേയും 13/08/2024 ന് 11.30 മണിക്ക് നേരിൽ കേട്ടു.

ഹിയറിംഗിൽ പങ്കെടുത്ത ഓരോരുത്തരുടെയും അഭിപ്രായം ചുവടെ ചേർക്കുന്നു.

**<u>ശ്രീ അജിത്ത്(പരാതിക്കാരൻ)</u>**

തൃക്കാക്കര നഗരസഭ അഞ്ചാം വാർഡിൽ ഉൾപ്പെട്ട കോയികഞ്ഞാലിൽ റോഡ്, WP(C) ഫയൽ ചെയ്യപ്പോൾ ഉണ്ടായിരുന്ന അവസ്ഥയിൽ നിന്നും വീണ്ടും ശോചനീയമായെന്നും ഈ റോഡ് ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും അറിയിച്ചു. Crystal garnet Villa യിലെ 5 0 കുടുംബങ്ങൾക്ക് പുറമേ ഇരുപത്തിയഞ്ചോളം കുടുംബങ്ങളും ഈ റോഡ് ഉപയോഗിക്കുന്നതായും Asset Home (builders) മുഖേന നൂറിൽ അധികം കുടുംബങ്ങളെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ഫ്ലാറ്റിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ ആണെന്നും, അവർക്കും ഈ റോഡാണ് ഉപയോഗിക്കേണ്ടതെന്നും അറിയിച്ചു. ആയതിനാൽ തൃക്കാക്കര നഗരസഭയിൽ ഉൾപ്പെട്ട കോയികഞ്ഞാലിൽ റോഡ് അടിയന്തരമായി, പുനർനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടു.

**<u>സെക്രട്ടറി, തൃക്കാക്കര മുൻസിപ്പാലിറ്റി</u>**

12/08/2024 ൽ സ്ഥലപരിശോധന നടത്തി. ബഹു.കേരള ഹൈക്കോടതി വിധിയിൽ പരാമർശിച്ചിരിക്കുന്ന കോയിക്കഞ്ഞാലിൽ റോഡ് നഗരസഭ 5-ാം വാർഡിൽ കാക്കനാട് കൊല്ലംകുടിമുഗൾ റോഡിൽ നിന്നും ആരംഭിച്ച് ക്രിസ്റ്റൽ ഗാർനെറ്റ് വില്ലയിലേക്കും പിന്നീട് വഴി തിരിഞ്ഞ് മറ്റൊരു ഭാഗത്തേയ്ക്കും പോകുന്ന ടാർ റോഡ് ആയിരുന്നു. 2012 കാലയളവിൽ ഇതിനു സമീപം ക്വാറി പ്രവർത്തിച്ചിരുന്നതുമാണ്. 2014 കാലയളവിൽ ആയതിന്റെ ഒരു വശത്തെ ചില ഭാഗങ്ങൾ ഇടിഞ്ഞുപോയിട്ടുള്ളതാണ്.

പിന്നീട് ടി റോഡിന്റെ വീതി കൂട്ടി നിർമ്മിക്കുകയും കോൺക്രീറ്റ് കാന നിർമ്മിച്ചിട്ടുള്ളതുമാണ്. ഇടിഞ്ഞുപോയ ഭാഗത്ത് ഒന്നര ഇഞ്ച് സ്ക്വയർ ട്യൂബ് ഉപയോഗിച്ച് ഹാൻഡ് റെയിലും RCC ഉപയോഗിച്ച് ബൊല്ലാർഡ്സും നിർമ്മിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. നിലവിൽ ഈ ഭാഗത്ത് 4 മീറ്റർ വീതിയിൽ റോഡ് ഗതാഗതയോഗ്യമാണ്. കൂടാതെ ടി വില്ലയിലേക്ക് പോകുന്നതിന് മറ്റൊരു വശത്തുകൂടി 4.5 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചിട്ടുള്ളതാണ്. പഴയ റോഡിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 3.5 കോടിയോളം രൂപ വേണ്ടി വരുന്നതാണ്. ആയത് നഗരസഭയിൽ ലഭ്യമല്ല

**<u>ശ്രീമതി.ഇന്ദു.ജി.എസ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകൾ) വകുപ്പ്</u>**

കോയിക്കഞ്ഞാലിൽ റോഡ് പൂർണ്ണമായും തൃക്കാക്കര നഗരസഭയുടെ അധീനതയിലുള്ളതാണ്. 2013 ൽ കനത്ത മഴയെ തുടർന്ന് പ്രസ്തുത റോഡിന്റെ പടഞ്ഞാറ് ഭാഗത്ത് 4 8 മീറ്റർ നീളത്തിൽ മണ്ണിടിഞ്ഞു റോഡ് അപകടവസ്ഥയിലായിരുന്നു. റോഡിനു സമീപത്തുള്ള ക്വാറിയിലെ അനിയന്ത്രിതമായ പാറഖനനവും അതിന്റെ ഫലമായി രൂപം കൊണ്ട കുളം നികത്തുന്നതിനായി അശാസ്ത്രീയമായ രീതിയിൽ മണ്ണെടുത്തതുമാണ് ഇതിനു കാരണമായി വിലയിരുത്തിയിട്ടുള്ളത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ക്വാറി ഉടമക്കാണ്. ഈ റോഡ് പുനരുദ്ധരിക്കുന്നതിനായി ചെലവഴിക്കേണ്ട ഭീമമായ തുക നഗരസഭക്ക് പൂർണ്ണമായും വഹിക്കാൻ

കഴിയാത്തതിനാൽ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് നഗരസഭ സർക്കാരിനെ സമീപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ നിധിയിൽ നിന്നും പണം അനുവദിക്കുന്നതിനായി, ജില്ലാ കളക്ടറുടെ നിർദ്ദേശമസരിച്ച് പൊതുമരാമത്ത് വകുപ്പ് 440 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 23.11.2015 ൽ നൽകിയിരുന്നു. 100 മീറ്റർ നീളത്തിലും 8 മുതൽ 10 മീറ്റർ വരെ ഉയരത്തിലും കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ആയതിന് ഭരണാനുമതി ലഭിച്ചിരുന്നില്ല. 09/08/2024 ൽ വീണ്ടും സ്ഥലം സന്ദർശിച്ചു. നിലവില് ഈ ഭാഗത്ത് ഇരുമ്പ് പൈപ്പുകൾ കൊണ്ട് ഫെൻസിംഗ് നടത്തിയും, ഗാർഡ് സ്റ്റോണുകൾ സ്ഥാപിച്ചും, വാഹന ഗതാഗതം സുരക്ഷിതമാക്കിയയിട്ടുള്ളതായി കാണുന്നു. സംഭവം നടന്നിട്ട് 11 വർഷം പിന്നിട്ടെങ്കിലും കൂടുതൽ മണ്ണിടിച്ചിൽ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 2018, 2019 വർഷങ്ങളിലെ കനത്തമഴ ഉൾപ്പെടെയുള്ള പ്രകൃതി ക്ഷോഭങ്ങളെ അതിജീവിച്ചതിനാലും നിലവിൽ ഖനന പ്രവർത്തനങ്ങളൊന്നും നടക്കാത്തതിനാലും നിലവിൽ അപകട സാധ്യത കുറവാണ്. എന്നിരുന്നാലും കൂടുതൽ സുരക്ഷിതത്വത്തിനായി, റോഡ് ഇടിഞ്ഞു പോയ ഭാഗത്ത്, അശാസ്ത്രീയമായി ഖനനം നടത്തിയ സ്ഥലത്തിന്റെ ഉടമസ്ഥൻ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് വരെ ,മണ്ണ് നിറച്ച് ചരിവ് ശാസ്ത്രീയമായി പുനക്രമീകരിക്കാവുന്നതും കയർ ഭൂവസ്ത്രം (Coir Geo Textiles) ഉപയോഗിച്ച് ബലപ്പെടുത്തി മണ്ണൊലിപ്പ് തടയാവുന്നതുമാണ്. താഴ്ഭാഗത്ത് ചരിവ് അവസാനിക്കുന്നിടത്ത് ഒരു മീറ്റർ ഉയരത്തിൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി കൂടി നിർമ്മിച്ചാൽ മണ്ണ് ഒഴുകി പോകുന്നത് തടയുന്നതിനും സാധിക്കും. ഇത്തരത്തിൽ 48 മീറ്റർ ദൂരത്തിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് 20 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ താരതമ്യേന ചെലവ് കുറഞ്ഞ രീതിയിൽ തൊഴിലുറപ്പ് പദ്ധതിയിലോ അനുയോജ്യമായ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി തൃക്കാക്കര നഗരസഭയ്ക്ക് തന്നെ പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

മുൻ രേഖകൾ പരിശോധിച്ചതിൽനിന്നും, 2015 ൽ 440 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് റോഡിന്റെ പൊട്ടിപ്പൊളിഞ്ഞ 45 മീറ്റർ ഭാഗവും ദുർബലമായ 55 മീറ്റർ ഭാഗവും പുനർനിർമ്മിക്കുന്നതിനായിരുന്നു എന്ന് കാണാവുന്നതാണ്. എന്നാൽ അന്നത്തെ പൊതുമരാമത്ത് സെക്രട്ടറിയുടെ നിർദ്ദേശാനുമസരണം, പൊട്ടിപ്പൊളിഞ്ഞ ഭാഗം മാത്രം പുനർനിർമ്മാണം നടത്തുന്നതിനായി 156 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചെങ്കിലും, Budget details ഉം DPR ഉം ലഭ്യമാക്കാത്തതിനാൽ, ഭരണാനുമതി നൽകിയിരുന്നില്ല.

മേൽ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരാത്ത കോയിക്കഞ്ഞാലിൽ റോഡിന്റെ പുനർനിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുള്ള 440 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ടി റോഡിന്റെ പുനർനിർമ്മാണം നടത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. മാത്രമല്ല കേന്ദ്രധന കൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് സൃഷ്ടിച്ച ധനഞെരുക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനും, പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനും, 17/07/2024 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 57/2024/ധന നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

കോയികഞ്ഞാലിൽ റോഡ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിൽ വരുന്ന റോഡാണ്. അറിയപ്പെടുന്ന ഒരു A Class മുൻസിപ്പാലിറ്റി ആണ് തൃക്കാക്കര മുൻസിപ്പാലിറ്റി. ഈ സാഹചര്യത്തിൽ റോഡിന്റെ ശോചനീയവാസ്ഥ പരിഗണിച്ച് തൃക്കാക്കര മുൻസിപ്പാലിറ്റിയുടെ

തനത് ഫണ്ട് ഉപയോഗിച്ചോ, തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പിലാക്കുന്ന ഏതെങ്കിലും പ്രൊജക്ടുകളിൽ ഉൾപ്പെടുത്തിയോ, തൃക്കാക്കര നഗരസഭ 5 -ആം വാർഡിൽ ഉൾ പ്പെട്ട കോയികഞ്ഞാലിൽ റോഡിന്റെ പുനർനിർമ്മാണം നടത്തുവാൻ നിർദ്ദേശം നൽകി, WP(C) No. 17970/2015 എന്ന കേസിലെ 21/02/2024 ലെ കോടതിവിധി നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധ്യ റ്റി എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്:
1. ശ്രീ എൻ.അജിത്ത്, വില്ല നം.21, ക്രിസ്റ്റൽ ഗാർനറ്റ്, കൊല്ലംകുടിമുകൾ തൃക്കാക്കര, എറണാകുളം-682021.
2. ശ്രീ മാത്യു ഐപ്പ്, വള്ളക്കലിൽ, V/382, കൊല്ലം കുടിമുകൾ, തൃക്കാക്കര, എറണാകുളം-682021.
3. ശ്രീ.കെ.എൻ.സുധീർ, കൊയിക്കഞ്ഞാലിൽ, കൊയിക്കഞ്ഞാലിൽ റോഡ്, കൊല്ലംകുടിമുകൾ, തൃക്കാക്കര, എറണാകുളം-682021.
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( With Covering Letter)
5. തദ്ദേശ സ്വയംഭരണ വകുപ്പ്.
6. ചീഫ് എഞ്ചിനീയർ പൊതുമരാമത്ത്(നിരത്തുകൾ) വിഭാഗം
7. ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
8. സെക്രട്ടറി, തൃക്കാക്കര മുൻസിപ്പാലിറ്റി
9. സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് സെൻട്രൽ സർക്കിൾ, ആലുവ.
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം, എറണാകുളം.
11. ധനകാര്യ വകുപ്പ്.
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
13. ഓഫീസ് കോപ്പി/വെബ് സൈറ്റ്/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 27-08-2024 16:25:27